പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1404      12-07-2011 -ൽ മറുപടിക്ക്.

## സ്പിരിറ്റ് കടത്ത്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: | | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) | അന്തർ സംസ്ഥാന ബന്ധമുള്ളതടക്കം സ്പിരിറ്റ് മാഫിയകൾ സംസ്ഥാനത്തേയ്ക്ക് സ്പിരിറ്റ് കടത്താനുള്ള സാദ്ധ്യത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇതു തടയുന്നതിനായി ചെക്ക് പോസ്റ്റുകളിൽ വാഹന പരിശോധന കർശനമാക്കുമോ; | (ബി) | വാഹന പരിശോധന കർശനമായി നടത്തി വരുന്നുണ്ട്. |
| (സി) | ബോർഡർ പെട്രോളിങ് യൂണിറ്റുകളുടെ പെട്രോളിങ് സംവിധാനം ശക്തമാക്കുമോ; | (സി) | ശക്തമാക്കും. |
| (ഡി) | കടൽ തീരങ്ങളിൽ മറൈൻ എൻഫോഴ്സ്മെന്റുമായി ചേർന്ന് സംയുക്ത പരിശോധന ശക്തമാക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (ഡി) | എക്സൈസ് ഇന്റലിജൻസ് വിഭാഗം നൽകുന്ന രഹസ്യവിവരങ്ങളുടെ അടിസ്ഥാനത്തിൽ മറൈൻ എൻഫോഴ്സ്മെന്റുമായി ചേർന്ന് കടലിൽ പെട്രോളിംഗ് ശക്തമാക്കുന്നതാണ് |
| (ഇ) | ഇതുമായി ബന്ധപ്പെട്ട് സ്വീകരിക്കാനുദ്ദേശിക്കുന്ന മറ്റു നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ഇ) | ചെക്ക്പോസ്റ്റുകളിലെ വാഹന പരിശോധന കർശനമാക്കിയതിനു പുറമെ, തീരപ്രദേശങ്ങൾ ഉൾപ്പെട്ട ഓഫീസുകളിലെ ഉദ്യോഗസ്ഥരെ രഹസ്യ വിവരങ്ങൾ ശേഖരിക്കുന്നതിന് നിയോഗിച്ചും, രാത്രികാല പെട്രോളിങ് ശക്തിപ്പെടുത്തിയും, പ്രദേശവാസികളുമായി സഹകരിച്ച് ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലും, മറൈൻ എൻഫോഴ്സ്മെന്റുമായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ